കേരള സർക്കാർ

സ്വച്ഛ് ഭാരത് മിഷൻ

ശുചിത്വ മിഷൻ

# ബീക്കൺ നഗരസഭ

# സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് – കർമ്മ പദ്ധതി

## ശുചിത്വ മിഷൻ

തദ്ദേശസ്വയംഭരണ വകുപ്പ്
കേരള സർക്കാർ

ഉള്ളടക്കം


| | | പേജ് നം. |
|---|---|---|
| | ആമുഖം | 2 |
| 1 | ലക്ഷ്യം | 3 |
| 2 | കാലഗണന | 3 |
| 3 | പ്രവർത്തനങ്ങൾ | 3 |
| 4 | പിന്തുണാ സംവിധാനം | 3 |
| 5 | ഗ്രീൻ പ്രോട്ടോകോൾ പ്രവർത്തനങ്ങൾ | 6 |
| 6 | തീവ്ര വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ | 6 |
| 7 | ശേഷീ വികസന പരിപാടികൾ | 7 |
| 8 | കളക്ഷൻ ഡ്രൈവുകൾ | 7 |
| 9 | ഗ്രീൻ ഷോപ്പുകൾ | 7 |
| 10 | ജൈവ മാലിന്യ പരിപാലനം | 8 |
| 11 | അജൈവ മാലിന്യ പരിപാലനം, ശേഖരണം, കടത്തൽ | 9 |
| 12 | മാലിന്യകൂനകൾ മനോഹരമാക്കൽ | 9 |
| 13 | വിവിധ സഹായസ്ഥാപനങ്ങളുടെ ചുമതലകൾ | 9 |
| 14 | അനുബന്ധപ്രവർത്തനങ്ങൾ | 10 |
| 15 | നിയമനടപടികൾ | 11 |
| 16 | സാമ്പത്തിക വിശകലനം | 11 |
| 17 | മോണിറ്ററിംഗ് | 11 |

**ആമുഖം**

ഹരിതകേരളം മിഷൻ - ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യത്തിന്റെ ഭാഗമായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റേയും പരിധിയിൽ വരുന്ന ഭൂപ്രദേശം മാലിന്യമുക്തമാക്കുകയും മാലിന്യ സംസ്കരണത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതുമാണ് ലക്ഷ്യമിടുന്നത്. പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് ഘട്ടംഘട്ടമായുള്ള ചിട്ടയായ പ്രവർത്തനങ്ങൾ ആവശ്യമാണ്. കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ നിരവധി തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ വളരെയധികം മുന്നോട്ട് പോകുകയും മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിട്ടുണ്ട് എങ്കിലും എല്ലാത്തരം ജൈവ-അജൈവ മാലിന്യങ്ങളും ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും അത് സ്ഥായിയായി നിലനിർത്തുന്നതിനും നിരവധി പ്രവർത്തനങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ട്. ആയതിനാൽ മാലിന്യ സംസ്കരണത്തിൽ അനുകരണീയ മാതൃകകൾ രൂപപ്പെടേണ്ടത് വളരെ അത്യാവശ്യമാണ്. പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ശുചിത്വമിഷൻ തുടങ്ങി വയ്ച്ച സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി കൂടുതൽ ചിട്ടയായ പ്രവർത്തനങ്ങളിലൂടെ മുന്നോട്ട് കൊണ്ട് പോകുന്നതിനാണ് ഉദ്ദേശിക്കുന്നത്. ആയതിനാൽ ബീക്കൺ നഗരസഭകളിൽ ഉൾപ്പെട്ടിട്ടുള്ളതും ബീക്കൺ നഗരസഭകളിൽ ഉൾപ്പെടാത്ത എന്നാൽ മാതൃകാപരമായ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻകൈ എടുത്ത നഗരസഭകളെയും കൂട്ടിച്ചേർത്ത് ആദ്യഘട്ടത്തിൽ ഓരോ ജില്ലയിൽ നിന്നും മുൻ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത നഗരസഭകളിൽ നിന്നും 10 വാർഡുകളെ വീതം തെരഞ്ഞെടുത്ത് മാതൃകാ ശുചിത്വവാർഡുകളാക്കി മാറ്റുന്നതിനാണ് ബീക്കൺ നഗരസഭ - സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് എന്നു പദ്ധതി നടപ്പിലാക്കുന്നത്. പ്രസ്തുത വാർഡുകളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി സമൂഹം, വിവിധ സംഘടനകൾ, റെസിഡൻസ് വെൽഫയർ അസോസിയേഷനുകൾ, ജനകീയ കൂട്ടായ്മകൾ എന്നിവരുടെ സഹകരണത്തോടെ പദ്ധതി നടത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## 1. ലക്ഷ്യം

**ഒന്നാംഘട്ടം:-** ബീക്കൺ നഗരസഭ - സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത നഗരസഭകളിലെ പത്ത് വാർഡുകളെ സമ്പൂർണ്ണ ശുചിത്വ വാർഡുകളായി മാറ്റുക.

**രണ്ടാംഘട്ടം:-** മറ്റു നഗരസഭകളിൽ നിന്നും 10 വാർഡുകൾ വീതം തെരഞ്ഞെടുത്ത് സമ്പൂർണ്ണ ശുചിത്വ വാർഡുകളായി മാറ്റുക.

**മൂന്നാംഘട്ടം:-** മുഴുവൻ നഗരസഭകളേയും സമ്പൂർണ്ണ ശുചിത്വ നഗരസഭകളാക്കി മാറ്റുക.

## 2. കാലഗണന

2018 ഏപ്രിൽ ഒന്നാം തീയതി മുതൽ ഒക്ടോബർ രണ്ടാം തീയതി വരെയുള്ള കാലയളവിലാണ് സിറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതി നടപ്പിലാക്കുക. 2018 ഒക്ടോബർ 2-ാം തീയതി പദ്ധതിയ്ക്കായി തെരഞ്ഞെടുത്ത വാർഡുകളെ സീറോ വേസ്റ്റ് വാർഡുകളായി പ്രഖ്യാപിക്കേണ്ടതാണ്.

## 3. പ്രവർത്തനങ്ങൾ

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലഗണന | ഉത്തരവാദിത്തം |
|---|---|---|---|
| 1. | നഗരസഭാ കൗൺസിൽ കൂടി 10 വാർഡുകളെ തെരഞ്ഞെടുക്കൽ | 2018 ഏപ്രിൽ 10 | മുനിസിപ്പൽ സെക്രട്ടറി |
| 2. | നഗരസഭകളിലെ നോഡൽ ഓഫീസർമാരെ തീരുമാനിക്കൽ (HO/HS/HI) | 2018 ഏപ്രിൽ 10 | മുനിസിപ്പൽ സെക്രട്ടറി |
| 3. | സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് വാർഡുകളിലെ നോഡൽ ഓഫീസർമാരെ തീരുമാനിക്കൽ (ജെ.എച്ച്.ഐ) | 2018 ഏപ്രിൽ 12 | മുനിസിപ്പൽ സെക്രട്ടറി, നഗരസഭാതല നോഡൽ ഓഫീസർ |
| 3. | നഗരസഭാതല റിസോഴ്സ് ഗ്രൂപ്പ് രൂപീകരണം (സാങ്കേതിക വിദഗ്ദർ, വിഷയ വിദഗ്ദർ, സന്നദ്ധ സംഘടനകളുടെ പ്രതിനിധി, വിദ്യാഭ്യാസ, പാരിസ്ഥിതിക, രാഷ്ട്രീയ, സാമുദായിക, സാംസ്കാരിക മേഖലയിലെ വിദഗ്ദർ, ഉദ്യോഗസ്ഥർ വ്യാപാരികൾ തുടങ്ങിയവർ) | 2018 ഏപ്രിൽ 15 | ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ, നഗരസഭാതല നോഡൽ ഓഫീസർ |
| 4. | വാർഡുതല റിസോഴ്സ് പേഴ്സൺമാരെ കണ്ടെത്തി പരിശീലനം നൽകി നിയോഗിക്കൽ | 2018 ഏപ്രിൽ 20 | നഗരസഭാതല നോഡൽ ഓഫീസർ |
| 5. | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിന്റെ ഭാഗമായി നടത്തിയ അവസ്ഥാപഠന റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തി കർമ്മപദ്ധതി തയ്യാറാക്കൽ | 2018 ഏപ്രിൽ 25 | ശുചിത്വമിഷൻ, ഹരിതകേരളം മിഷൻ, നഗരസഭാ സെക്രട്ടറി |

## 4. പിന്തുണാ സംവിധാനം

മാലിന്യ സംസ്കരണ പദ്ധതികൾ വിജയകരമായി നടപ്പിലാക്കുന്നതിനും തുടർന്ന് നടത്തികൊണ്ട് പോകുന്നതിനും ജനങ്ങളുടെ പിന്തുണയും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതുണ്ട്. ആയതിനാവശ്യമായ പ്രവർത്തനങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലഗണന | ഉത്തരവാദിത്തം |
| --- | --- | --- | --- |
| എ | വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതി ശക്തിപ്പെടുത്തൽ (ഹരിത കർമ്മ സേനാംഗങ്ങൾ, റിസോഴ്സ് പേഴ്സൺമാർ, പിന്തുണാ സംവിധാനത്തിൽ സൂചിപ്പിച്ച വിവിധ പ്രതിനിധികൾ എന്നിവരെ സമിതി യോഗത്തിൽ ക്ഷണിക്കൽ) | 2018 ഏപ്രിൽ 25 | നഗരസഭാ സെക്രട്ടറി, വാർഡ് കൗൺസിലർ |
| ബി. | ഓരോ വാർഡിലും 500 വീടുകൾക്ക് 2 പേർ എന്ന കണക്കിൽ ഹരിത കർമ്മസേന രൂപീകരണം (നിലവിൽ ഇല്ലെങ്കിൽ) | 2018 ഏപ്രിൽ 30 | നഗരസഭാ സെക്രട്ടറി, നഗരസഭാതല നോഡൽ ഓഫീസർ വാർഡ് കൗൺസിലർ |
| സി. | ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം ഉറപ്പാക്കൽ | 2018 ഏപ്രിൽ 30 | നഗരസഭാ സെക്രട്ടറി |
| ഡി | വാർഡിലേയും നഗരസഭാ പരിധിയിലേയും എഞ്ചിനീയറിംഗ്, മെഡിക്കൽ, സോഷ്യൽ സയൻ സസ് തുടങ്ങി ഇതര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലിസ്റ്റ് ചെയ്യുക. തുടർന്ന് സ്ഥാപന പ്രതിനിധികളുമായുള്ള ചർച്ച (എഞ്ചിനീയറിംഗ്, മെഡിക്കൽ, അഗ്രികൾച്ചറൽ, വെറ്റിനറി മുതലായ പ്രൊഫഷണൽ കോളേജുകളിലെ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവരിൽ നിന്ന് പദ്ധതി ആസൂത്രണം, മാലിന്യ സംസ്കരണം, ഉപാധികൾ സ്ഥാപി ക്കൽ, പരിപാലനം, നവീന സാങ്കേതിക വിദ്യ എന്നീ വിഷയങ്ങ ളിൽ പിന്തുണ സോഷ്യൽ സയൻസസ്, മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ വിദ്യാർത്ഥി കളിൽ നിന്ന് റിസർച്ച്, സോഷ്യൽ മൊബിലൈസേഷൻ, ഐ.ഇ.സി, സർവ്വേ എന്നീ വിഷയങ്ങളിൽ പിന്തുണ)<br>ചുവടെ ചേർക്കുന്ന യോഗങ്ങൾ വ്യത്യസ്ത ധർമ്മങ്ങൾ നിർവ്വഹിക്കപ്പെടേണ്ടവരാണ് | 2018 ഏപ്രിൽ 30 | നഗരസഭാതല നോഡൽ ഓഫീസർ |

| | | | |
|---|---|---|---|
| | ഉദാ:<br>1. ഐ.ഇ.സി. സർവ്വേകൾ, ക്യാമ്പയിൻ<br>2. സോഷ്യൽ ഓഡിറ്റിംഗ്, കമ്മ്യൂണിറ്റി മോണിറ്ററിംഗ് തുടങ്ങിയവ.<br>3. സാമൂഹ്യ ബോധത്തെ സ്വാധീനിക്കാൻ കഴിയുന്ന വിഭാഗങ്ങളുടെ യോഗം<br>4. രാഷ്ട്രീയ സംഘടനകൾ, മതമേലധ്യ ക്ഷൻമാർ തുടങ്ങിയ വിഭാഗങ്ങളുടെ യോഗം<br>5. സീറോ വേസ്റ്റ് പ്രവർത്തനത്തിൽ സ്വയം സ്ഥാപനങ്ങളുടെയും ഏജൻസികളുടെയും പ്രവർത്തനത്തിൽ മാറ്റം വരുത്തൽ ചുമതലപ്പെട്ടവർ.<br>(മേൽ സൂചിപ്പിച്ച ഓരോ യോഗത്തിലും യോഗത്തിന്റെ ഉള്ളടക്കവും രീതിയും ആവശ്യമാണ്. ഇക്കാര്യത്തിൽ വ്യക്തത ഉണ്ടാക്കാതിരുന്നാൽ ലക്ഷ്യം കൈവരിക്കാതെ പോകും.)<br><br>വ്യാപാരി വ്യവസായി പ്രതിനിധികൾ, ഹോട്ടൽ-റസ്റ്ററന്റ് അസോസി യേഷൻ പ്രതിനിധികൾ, നെഹ്രു യുവകേന്ദ്ര, എൻ.എസ്. എസ്, എൻ.സി.സി, സ്കൗട്ട്സ് & ഗൈഡ്സ്, എസ്.പി.സി, റസിഡൻസ് വെൽഫെയർ അസോസിയേഷൻ, പെൻഷനേഴ്സ് അസോസിയേഷൻ, സന്നദ്ധ സംഘടനകൾ, | | |
| | ഹോസ്പിറ്റൽ മാനേജ്മെന്റ് പ്രതി നിധികൾ, വിവിധ ക്ലബുകൾ, മതമേലധ്യക്ഷൻമാർ, രാഷ്ട്രീയ സംഘടനകൾ, വിദ്യാഭ്യാസ സ്ഥാ പന പ്രതിനിധികൾ, എക്സ് സർവ്വീ സ്മെൻ പ്രതിനിധികൾ, കുടുംബശ്രീ പ്രതിനിധികൾ, പാഴ്വസ്തു വ്യാപാ രികൾ തുടങ്ങിയ വരുടെ പിന്തുണ ഉറപ്പാക്കൽ, ഇതി നായി പ്രത്യേക യോഗം വിളിച്ചു ചേർക്കൽ | | |
| ഇ | വാർഡ് കൗൺസിലറുടെ നേതൃത്വ ത്തിൽ വോളണ്ടിയർ സപ്പോർട്ട് ടീം രൂപീകരണം (എൻ.എസ്.എസ് യൂണിറ്റിന്റെ സേവനത്തോടെ) | 2018 മെയ് 5 | വാർഡ്തല നോഡൽ ഓഫീസർ |
| എഫ് | ഗാർഹിക/സ്ഥാപനതല ശുചിത്വ പ്ലാൻ തയ്യാറാക്കാൻ റിസോഴ്സ് പേഴ്സൺമാരെ പ്രാപ്തരാക്കുന്ന തിനുള്ള പരിശീലനം | 2018 മെയ് 10 | വാർഡ്തല നോഡൽ ഓഫീസർ |

| | | | |
|---|---|---|---|
| ജി | വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് അനുയോജ്യമായ ഉപാധികൾ ഉൾക്കൊള്ളിച്ച് സൂക്ഷ്മതല പ്ലാൻ തയ്യാറാക്കലും ബന്ധപ്പെട്ടവരെ ബോധ്യപ്പെടുത്തലും | 2018 മെയ് 10 | വാർഡ്തല നോഡൽ ഓഫീസർ |
| എച്ച് | പൊതുയിടങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിലെ നിലവിലെ സ്ഥിതി വോളണ്ടിയർ ടീമിന്റെ നേതൃത്വത്തിൽ കണ്ടെത്തലും പരിഹാര നടപടികൾക്ക് രൂപം നൽകലും ("മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം" കാമ്പയിന്റെ ഭാഗമായി ശേഖരിച്ച സ്ഥിതി വിവരം അടിസ്ഥാന രേഖയാക്കാം) | 2018 മെയ് 15 | നഗരസഭാതല നോഡൽ ഓഫീസർ, വാർഡ്തല നോഡൽ ഓഫീസർ |
| ഐ | വോളണ്ടിയർമാരുടെ നേതൃത്വത്തിൽ പ്രാദേശിക മാലിന്യ കൂമ്പാരങ്ങൾ വൃത്തിയാക്കലും, സൗന്ദര്യവൽക്കരണവും | 2018 മെയ് 20 | വാർഡ് കൗൺസിലർമാർ, വാർഡ്തല നോഡൽ ഓഫീസർമാർ |

## 5. ഗ്രീൻ പ്രോട്ടോകോൾ

- എല്ലാ സർക്കാർ-സർക്കാരിത ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ എന്നിവിടങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കൽ
- മാസത്തിലൊരിക്കൽ വാർഡുതല ശുചിത്വ സമിതി അംഗങ്ങൾ ഓഫീസുകൾ സന്ദർശിച്ച് ഗ്രീൻ പ്രോട്ടോകോൾ നടപടികൾ വിലയിരുത്തൽ
- വാർഡിൽ നടക്കുന്ന ചെറുതും വലുതുമായ പൊതു/സ്വകാര്യ ചടങ്ങുകളിൽ ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാൻ ഹരിത കർമ്മസേന അംഗങ്ങളുടെ സേവനം പ്രയോജനപ്പെടുത്തൽ (യൂസർ ഫീ വാങ്ങാവുന്നതാണ്)
- ഉത്സവങ്ങൾ, ഘോഷയാത്രകൾ, ആരാധനാലയങ്ങൾ എന്നിവയെ ഗ്രീൻ പ്രോട്ടോകോളിന്റെ പരിധിയിൽ കൊണ്ടുവരൽ

ഹരിത ആഘോഷങ്ങൾ → ഹരിത ഉത്സവങ്ങൾ → ഹരിത സമ്മേളനങ്ങൾ → ഹരിത സ്ഥാപനങ്ങൾ → ഹരിത കലാലയങ്ങൾ → ഹരിത ഭവനങ്ങൾ

## 6. വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലഗണന | ഉത്തരവാദിത്തം |
|---|---|---|---|
| എ | അനുകൂല അന്തരീക്ഷം സൃഷ്ടിയ്ക്കുന്നതിനും, ജനപങ്കാളിത്തം ഉറപ്പുവരുത്തുന്ന തിനുമായുള്ള പ്രത്യേക വിവര-വിജ്ഞാന-വ്യാപന പ്രവർത്തന ങ്ങൾ തെരഞ്ഞെടുത്ത വാർഡുകളിൽ നടപ്പിലാക്കൽ<br>➢ പദ്ധതി തയ്യാറാക്കൽ<br>➢ നടപ്പിലാക്കാൽ | തുടർ പ്രവർത്തനം | ജില്ലാ ശുചിത്വമിഷൻ, നഗരസഭാതല നോഡൽ ഓഫീസർ |

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലഗണന | ഉത്തരവാദിത്തം |
|---|---|---|---|
| | ✓ നോട്ടീസ്, ബ്രോഷർ, സ്റ്റിക്കർ, ഹോർഡിംഗുകൾ, ചുവരെഴുത്ത്, പ്രാദേശിക ചാനൽ വഴിയുള്ള പരസ്യങ്ങൾ, സിനിമാ തീയറ്ററുകൾ വഴിയുള്ള പരസ്യങ്ങൾ, വാട്ട്സ് ആപ്പ്, യൂട്യൂബ്, ബൾക്ക് എസ്.എം.എസ് തുടങ്ങിയ നവമാധ്യമങ്ങളെ പ്രയോജനപ്പെടുത്തികൊണ്ടുള്ള വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ | | |

**7. ശേഷീ വികസന പ്രവർത്തനങ്ങൾ**

സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിയ്ക്കായി തെരഞ്ഞെടുക്കുന്ന വാർഡുകളിലെ ജനപ്രതിനിധികൾ, നഗരസഭാ ഉദ്യോഗസ്ഥർ, പിന്തുണാ സംവിധാനത്തിലേർപ്പെടുന്ന വിവിധ ഗ്രൂപ്പുകൾ, ശുചീകരണ തൊഴിലാളികൾ എന്നിവർക്കാവശ്യമായ ശേഷീവികസന പരിപാടികൾ അതാത് നഗരസഭകൾ ജില്ലാ ശുചിത്വമിഷന്റെ സഹകരണത്തോടെ നടപ്പിലാക്കേണ്ടതാണ്. മാതൃകാ മാലിന്യ പരിപാലന പദ്ധതികൾ നേരിട്ട് കണ്ട് പഠിക്കുന്നതിന് പഠനയാത്രകൾ സംഘടിപ്പിക്കാവുന്നതുമാണ്.

***ചുമതല : ജില്ലാ ശുചിത്വമിഷൻ, നഗരസഭാതല നോഡൽ ഓഫീസർ***
***കാലഗണന : തുടർ പ്രവർത്തനം***

**8. കളക്ഷൻ ഡ്രൈവുകൾ**

വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ജനങ്ങളിൽ അനുകൂല മാറ്റം വന്നുതുടങ്ങുമ്പോൾ അത് ജനമനസുകളിൽ സ്ഥിരപ്രതിഷ്ഠ നേടുന്നതിനും ആത്മവിശ്വാസവും തരംതിരിക്കുന്നതിനുള്ള മനോഭാവം രൂപപ്പെടുത്തുന്നതിനുമായി വിവിധ പൊതു സ്ഥലങ്ങൾ, മൈതാനങ്ങൾ, സ്കൂൾ കോളേജുകൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് അജൈവമാലിന്യ ശേഖരണ ഡ്രൈവുകൾ സംഘടിപ്പിക്കാവുന്നതാണ്. ആയതിന് നഗരസഭകൾക്ക് പ്രത്യേകം കലണ്ടർ തയ്യാറാക്കാവുന്നതും വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ ഹെൽത്ത് വിഭാഗം ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ പിന്തുണാ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തികൊണ്ട് ശേഖരണ ഡ്രൈവുകൾ സംഘടിപ്പിക്കാവുന്നതാണ്.

***ചുമതല : നഗരസഭാതല നോഡൽ ഓഫീസർ***
***കാലഗണന : 2018 മെയ് 20***

**9. ഗ്രീൻ ഷോപ്പുകൾ**

പുനരുപയോഗിക്കാൻ കഴിയുന്നതും റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ കഴിയുന്നതുമായ വസ്തുക്കളുടെ ശേഖരണം, കൈമാറ്റം നടത്തൽ എന്നിവ നടത്തുന്നതിനുള്ള

സ്വാപ്ഷോപ്പ്, റിപ്പയർ ഷോപ്പ്, വിവിധ ജൈവ ഉറവിട മാലിന്യ സംസ്കരണ ഉപാധികളുടെ വിപണനം, ജൈവ ഇനോക്കുലം വിതരണം, തുണി/ പേപ്പർ സഞ്ചികളുടെ വിതരണം, ജൈവവള വിതരണം എന്നീ സംവിധാനങ്ങൾ ഒരു കുടക്കീഴിൽ ഒരുക്കി പൊതുജനങ്ങൾക്ക് പ്രസ്തുത വിഷയത്തിൽ സേവനം നൽകുന്നതിനുള്ള സംവിധാനമാണ് ഗ്രീൻ ഷോപ്പുകൾ. ഗ്രീൻ ഷോപ്പുകൾ ഓരോ തദ്ദേശ സ്ഥാപനങ്ങളിലും അംഗീകൃത ഏജൻസികളുമായി സഹകരിച്ചുകൊണ്ട് ഹരിതകർമ്മ സേനയുടെ മേൽനോട്ടത്തിൽ സ്ഥിരം സംവിധാനമായി സ്ഥാപിക്കേണ്ടതാണ്.

| ക്രമ നം. | ഗ്രീൻ ഷോപ്പിലെ ഘടകങ്ങൾ | കാലഗണന | ചുമതല |
|---|---|---|---|
| 1 | സ്വാപ് ഷോപ്പ് | 2018 മെയ് 30 | മുനിസിപ്പൽ എഞ്ചിനീയർ/ നോഡൽ ഓഫീസർ |
| 2 | റിപ്പയർ ഷോപ്പ് | | |
| 3 | കമ്പോസ്റ്റിംഗ് ഉപാധികളുടെ വിപണനം | | |
| 4 | ഇനോക്കുലം വിതരണം | | |
| 5 | തുണി/പേപ്പർ സഞ്ചി വിതരണം | | |
| 6 | ജൈവ വളം വിതരണം | | |

## 10. ജൈവമാലിന്യ പരിപാലനം

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലഗണന | ഉത്തരവാദിത്തം |
|---|---|---|---|
| എ | വീടുകളിൽ - നിലവിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സൗകര്യമുള്ളതും എന്നാൽ കമ്പോസ്റ്റിംഗ് സംവിധാനം ഇല്ലാത്തതുമായ വീടുകളിൽ കമ്പോസ്റ്റിംഗ് ഡിവൈസുകൾ സ്ഥാപിക്കൽ. ബിപിഎൽ കുടുംബങ്ങൾക്ക് സർക്കാർ ഉത്തരവ് പ്രകാരം സബ്സിഡി | 2018 ജൂൺ 1 | വാർഡു കൗൺസിലർമാർ/ നോഡൽ ഓഫീസർ |
| ബി | മാലിന്യ സംസ്കരണ ഉപാധികളുടെ എക്സിബിഷനുകളും പ്രവർത്തനം പരിചയപ്പെടുത്തലും | 2018 ജൂൺ 1 | വാർഡു കൗൺസിലർമാർ/ നോഡൽ ഓഫീസർ |
| സി | ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സ്ഥലമില്ലാത്ത ഇടങ്ങളിൽ പൊതു കമ്പോസ്റ്റിംഗ് സംവിധാനമൊരുക്കൽ (ഫ്ളാറ്റുകൾ, ഗേറ്റഡ് കോളനികൾ, മാർക്കറ്റുകൾ, ചേരികൾ മുതലായവ) | 2018 ജൂൺ 10 | മുനിസിപ്പൽ എഞ്ചിനീയർ/ നോഡൽ ഓഫീസർ |
| ഡി | യൂസർ ഫീ അടിസ്ഥാനത്തിൽ തുടർ പരിപാലനം | 2018 ജൂൺ 10 മുതൽ | നോഡൽ ഓഫീസർ |

## 11. അജൈവമാലിന്യ പരിപാലനം, ശേഖരണം, കടത്തൽ

| ക്രമ നം. | പ്രവർത്തനങ്ങൾ | കാലഗണന | ഉത്തരവാദിത്തം |
|---|---|---|---|
| എ | കലണ്ടർ അടിസ്ഥാനത്തിൽ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യ ശേഖരണം ഹരിത കർമ്മ സേനാംഗങ്ങളുടെ നേതൃത്വത്തിൽ | 2018 ജൂൺ 15 | നഗരസഭാ സെക്രട്ടറി/ മുനിസിപ്പൽ എഞ്ചിനീയർ/ നോഡൽ ഓഫീസർ |
| ബി | മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി ഇല്ലാത്ത വാർഡുകളിൽ കളക്ഷൻ ഫെസിലിറ്റി സെന്റർ സ്ഥാപിക്കൽ (താത്കാലികം/ സ്ഥിരം) | | |
| സി | ഏറ്റവും അടുത്തുള്ള ആർ.ആർ. എഫ് കേന്ദ്രങ്ങളുമായി കളക്ഷൻ ഫെസിലിറ്റിയെ ബന്ധിപ്പിക്കൽ | | |
| ഡി | അടുത്തെങ്ങും ആർ.ആർ.എഫ് ഇല്ലെങ്കിൽ ഷ്രെഡ്ഡിംഗ്, ബെയിലിംഗ്, സൗകര്യങ്ങളോടു കൂടിയ ആർ.ആർ.എഫ് സ്ഥാപിക്കൽ | | |
| ഇ | ആർ.ആർ.എഫ് കേന്ദ്രങ്ങളെ ക്ലീൻ കേരള കമ്പനിയുമായി ബന്ധിപ്പിക്കൽ തെരഞ്ഞെടുത്ത വാർഡുകളിൽ റോഡ് ടാറിംഗിനായി ഷ്രെഡ് ചെയ്ത പ്ലാസ്റ്റിക് ഉപയോഗിക്കൽ | | |
| | (ഉപയോഗിക്കുന്ന ബിറ്റുമിന്നിന്റെ പരമാവധി 10% പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിക്കാം) | | |

## 12. മാലിന്യ കൂനകളെ മനോഹരമാക്കൽ

തെരഞ്ഞെടുത്ത വാർഡുകളിൽ നിലവിലുള്ള ചെറുതും, വലുതുമായ മാലിന്യ കൂനകൾ വൃത്തിയാക്കി പ്രസ്തുത സ്ഥലങ്ങളിൽ പിന്തുണാ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തികൊണ്ട് ചെറുപൂന്തോട്ടങ്ങളും, ജൈവ പച്ചക്കറി കൃഷിയും സ്ഥാപിച്ചുകൊണ്ട് മനോഹരമാക്കി മാറ്റാവുന്നതാണ്.

***ചുമതല : നഗരസഭാതല നോഡൽ ഓഫീസർ***
***കാലഗണന : 2018 ജൂൺ 15***

## 13. വിവിധ സഹായ സ്ഥാപനങ്ങളുടെ ചുമതലകൾ

### എ. ഹരിത കേരളം മിഷന്റെ ഉത്തരവാദിത്തം

- മുനിസിപ്പാലിറ്റിതലത്തിൽ ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ കർമ്മ പദ്ധതി രൂപീകരിക്കൽ
- പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടവും, അവലോകനവും, മാർഗ്ഗനിർദ്ദേശങ്ങളും

**ബി. ശുചിത്വമിഷന്റെ ഉത്തരവാദിത്തം**

- അവസ്ഥാപഠനം - പ്ലാൻ തയ്യാറാക്കൽ
- വാർഡ് സവിശേഷതകൾ ഉൾക്കൊണ്ടുള്ള ഐ.ഇ.സി.
- അനുയോജ്യ സാങ്കേതിക വിദ്യയും ഉപാധികളും നിർദ്ദേശിക്കൽ
- ഹരിതസേന പരിശീലനം
- സാങ്കേതിക അനുമതി
- സാമ്പത്തിക സഹായം
- പരിശീലനങ്ങൾ
- ഗുണനിലവാര പരിശോധന
- സാങ്കേതിക-സോഷ്യൽ സയൻസസ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പിന്തുണ ഉറപ്പാക്കുന്നതിന് നഗരസഭയെ സഹായിക്കൽ
- ഹരിത സഹായ സ്ഥാപനത്തെ തെരഞ്ഞെടുക്കുന്നതിൽ നഗരസഭയ്ക്ക് പിന്തുണ നൽകൽ
- നവീന ഐ.ഇ.സി പ്രവർത്തനങ്ങളുടെ ആശയരൂപീകരണത്തിനുള്ള പിന്തുണയും സാമ്പത്തിക സഹായവും
- സാങ്കേതിക ഉദ്യോഗസ്ഥന്റെ സഹായം പ്രോജക്ട് രൂപീകരണത്തിനും നടപ്പിലാക്കലിനും മേൽനോട്ടത്തിനും
- പ്രോജക്ടുകൾക്കായുള്ള സാമ്പത്തിക-സാങ്കേതിക സഹായം
- ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങി എല്ലാ വിഭാഗക്കാർക്കുമുള്ള പരിശീലനം

**സി. കുടുംബശ്രീ മിഷന്റെ ഉത്തരവാദിത്തം**

- ഹരിതകർമ്മസേന രൂപീകരണം
- ഹരിത കർമ്മസേനയുടെ പ്രവർത്തന മോണിറ്ററിംഗ്
- വിവിധ ശുചിത്വമാലിന്യ സംസ്കരണ പദ്ധതികളുടെ നടത്തിപ്പ്
- ജൈവമാലിന്യ പരിപാലന പദ്ധതികളെ സഹായിക്കൽ
- അജൈവ മാലിന്യ ശേഖരണം
- എം.സി.എഫ്, ആർ.ആർ.എഫുകളുടെ നടത്തിപ്പ്

**ഡി. ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്തം**

- അജൈവമാലിന്യ ശേഖരണം
- എം.സി.എഫ്, എം.ആർ.എഫുകളുടെ മുൻപിൻ ബന്ധം ഉറപ്പിക്കൽ

**14. അനുബന്ധ പ്രവർത്തനങ്ങൾ**

- എന്റർപ്രൈസ് മാതൃകയിൽ സ്വാപ്ഷോപ്പുകളും, റിപ്പയർ ഷോപ്പുകളും സ്ഥാപിക്കൽ
- പ്രകൃതി സൗഹൃദ ഉല്പന്നങ്ങളുടെ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കൽ
- കുപ്പികൾ, ടയറുകൾ, ചെരിപ്പുകൾ, ബാഗുകൾ, സി.എഫ്.എൽ തുടങ്ങിയ അജൈവ മാലിന്യശേഖരണത്തിനായി സ്പെഷ്യൽ ഡ്രൈവുകൾ
- ഹോട്ടലുകൾ, റസ്റ്ററന്റുകൾ, കല്യാണ മണ്ഡപങ്ങൾ, ആഡിറ്റോറിയങ്ങൾ എന്നിവയെ ശുചിത്വത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡിംഗ് സംവിധാനം ഒരുക്കൽ
- തെരഞ്ഞെടുത്ത വാർഡുകളിൽ ഗ്രീൻ ആർമി രൂപീകരിക്കൽ
- പാഴ്വസ്തു വ്യാപാരികളുടെ യോഗം വിളിച്ചു ചേർക്കലും പ്രവർത്തനങ്ങളുമായി ബന്ധപ്പിക്കലും

### 15. നിയമനടപടികൾ

**നിലവിലെ മുനിസിപ്പൽ ആക്ട് പ്രകാരമുള്ള നടപടികൾ**

- 340 (എ) വകുപ്പ് പ്രകാരം ജലാശയത്തിലോ, പൊതുജലമാർഗ്ഗത്തിലോ ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുന്നവരിൽ നിന്നും 10,000/- രൂപയിൽ കുറയാതെയും, 25000/- രൂപ വരെ ആകാവുന്ന പിഴയായും ആറ് മാസത്തിൽ കുറയാതെ ഒരു വർഷം വരെ ആകാവുന്നതുമായ തടവുശിക്ഷ
- 345-ാം വകുപ്പ് പ്രകാരം ചവറോ, ഖരമാലിന്യങ്ങളോ, മൃഗശവമോ, നിക്ഷേപിക്കുകയോ വലിച്ചെറിയുകയോ ചെയ്യുന്നെങ്കിൽ 500/- രൂപയിൽ കുറയാത്തതും, 2000/- രൂപ വരെ ആകാവുന്നതുമായ പിഴ ശിക്ഷ
- മുൻസിപ്പാലിറ്റി ആക്ട് 371-372 പ്രകാരം തട്ടുകടകൾ, ചിക്കൻ സ്റ്റാളുകൾ, വഴിയോര കടകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കാത്ത പക്ഷം സ്വീകരിക്കേണ്ട നിയമനടപടികൾ
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഡി& ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യ ങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കണമെന്നുള്ള കർശന നിർദ്ദേശം
- സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരമുള്ള നിയമനടപടികൾ
- പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടം 2016 പ്രകാരമുള്ള നിയമനടപടികൾ
- നിലവിലെ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ ബൈലാ പാസാക്കലും, നടപ്പിലാക്കലും
- ജലാശയങ്ങൾ മലിനപ്പെടുത്തുന്നതിനെതിരെ നിലവിലെ ഓർഡിനൻസ് പ്രകാരമുള്ള നടപടികൾ

### 16. സാമ്പത്തിക വിശകലനം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം, ശുചിത്വമിഷന്റെ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നുള്ള ഫണ്ടുകൾ എന്നിവ ഫലപ്രദമായി വിനിയോഗിച്ചുകൊണ്ട് സീറോ വേസ്റ്റ് ഓൺ ഗ്രൗണ്ട് പദ്ധതിയുടെ ഭാഗമായ വിവിധ ശുചിത്വമാലിന്യ സംസ്കരണ പദ്ധതികൾ, തീവ്ര വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ, ശേഷീ വികസന പ്രവർത്തനങ്ങൾ തുടങ്ങിയവ നടത്താവുന്നതാണ്.

### 17. മോണിറ്ററിംഗ്

- വാർഡുതല ആരോഗ്യ ശുചിത്വ പോഷണ സമിതിയുടെ നേതൃത്വത്തിൽ വൃത്തിയാക്കിയ പ്രാദേശിക മാലിന്യ നിക്ഷേപ ഇടങ്ങളുടെ നിരീക്ഷണം -പ്രദേശവാസികളുടെ പിന്തുണയോടെ
- മാലിന്യം വലിച്ചെറിയുന്നത് നിരീക്ഷിക്കാൻ ഹോട്ട്സ്പോട്ടുകൾ കേന്ദ്രീകരിച്ച് സിസിടിവി ക്യാമറ സ്ഥാപിക്കൽ
- മുനിസിപ്പാലിറ്റി അധികൃതരും, പോലീസ് വിഭാഗവുമായി ചേർന്ന് എൻഫോഴ്സ്മെന്റ് സ്ക്വാഡ്
- പൊതുജനങ്ങൾക്ക് മാലിന്യപ്രശ്നങ്ങൾ അധികാരികളെ അറിയിക്കാനും പരിഹരിച്ച പ്രശ്നങ്ങൾ പരാതിക്കാരെ അറിയിക്കാനുമുള്ള സംവിധാനം ഒരുക്കൽ
- സീനിയർ സിറ്റിസൺസ്, വിദ്യാർത്ഥികൾ എന്നിവരുടെ നേതൃത്വത്തിലുള്ള സോഷ്യൽ ആഡിറ്റ്
- വൃത്തിയുടെ അടിസ്ഥാനത്തിൽ വാർഡുകളുടേയും, സ്ഥാപനങ്ങളുടേയും റാങ്കിങ്ങും, പാരിതോഷികം നൽകലും

**മോണിറ്ററിംഗ് സൂചകങ്ങൾ**

| ക്രമ നം. | പ്രതീക്ഷിക്കുന്ന മാറ്റം | മോണിറ്ററിംഗ് സൂചകങ്ങൾ | വിലയിരുത്തൽ മാർഗ്ഗങ്ങൾ |
|---|---|---|---|
| 1. | ഉറവിട മാലിന്യ സംസ്കരണം - വീടുകളിൽ | 1. ജൈവമാലിന്യ സംസ്കരണ ഉപാധികൾ സ്ഥാപിച്ചവയുടെ എണ്ണം.<br>2. അജൈവ മാലിന്യം തരംതിരിച്ച് കഴുകി ഉണക്കി കൈമാറുന്ന വീടുകളുടെ എണ്ണം.<br>3. മലിനജലം ഡ്രെയിനേജ്/സോക് പിറ്റ്/റീസൈക്കിളിംഗ് ചെയ്യുന്ന വീടുകളുടെ എണ്ണം. | അവസ്ഥാ നിർണ്ണയ പഠനം |
| 2. | ഉറവിട മാലിന്യ സംസ്കരണം - സ്ഥാപനങ്ങളിൽ | 1. ജൈവ മാലിന്യം സംസ്കരിക്കുവാൻ ഉപാധികൾ സ്ഥാപിച്ചവയുടെ എണ്ണം.<br>2. അജൈവ മാലിന്യം വൃത്തിയാക്കി തരംതിരിച്ച് കൈമാറുന്ന സ്ഥാപനങ്ങളുടെ എണ്ണം.<br>3. മലിനജലം ഡ്രെയിനേജ്/സോക് പിറ്റ്/റീസൈക്കിളിംഗ് ചെയ്യുന്ന സ്ഥാപനങ്ങളുടെ എണ്ണം. | അവസ്ഥാ നിർണ്ണയ പഠനം |
| 3. | മാലിന്യമില്ലാത്ത പൊതു ഇടങ്ങൾ | 1. ചെറുതോ വലുതോ ആയ മാലിന്യ കൂമ്പാരങ്ങൾ ഇല്ലാത്ത വാർഡുകൾ<br>2. പൊതു നിരത്ത് - മാലിന്യ രഹിതം/കൃത്യമായ വൃത്തിയാക്കൽ നടക്കുന്ന വാർഡ്. | നേരിട്ടുള്ള നിരീക്ഷണം/ പൊതുജനങ്ങളുടെ അഭിപ്രായം |
| 4. | ഗ്രീൻ പ്രോട്ടോകോൾ | ഗ്രീൻ പ്രോട്ടോക്കോൾ അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം (സർക്കാർ/ സ്വകാര്യ ഓഫീസുകൾ, സ്കൂളുകൾ, കോളേജുകൾ, ഹോസ്റ്റലുകൾ, ആഡിറ്റോറിയങ്ങൾ, ആശുപത്രികൾ മുതലായവ) | സ്ഥാപന സന്ദർശനം, ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കാനായി സ്ഥാപനങ്ങളിൽ ഏർപ്പാടാക്കിയിരിക്കുന്ന സംവിധാനം |
| 5. | സ്വാപ്ഷോപ്പുകൾ | സ്ഥിരം സ്വാപ്ഷോപ്പുകളുടെ നടത്തിപ്പ് | മാസത്തിൽ എത്രതവണ തുറന്നു പ്രവർത്തിക്കുന്നു. ക്രയ-വിക്രയ സാമഗ്രികളുടെ എണ്ണം |

| | | | |
|---|---|---|---|
| 6. | പിന്തുണാ സംവിധാനം | • വാർഡിലേയും നഗരസഭാ പരിധിയിലേയും എഞ്ചിനീയറിംഗ്, മെഡിക്കൽ, സോഷ്യൽ സയൻസസ് തുടങ്ങി ഇതര പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ലിസ്റ്റ് തയ്യാറാക്കൽ<br>• സ്ഥാപന പ്രതിനിധികളുമായുള്ള ചർച്ച<br>• ചർച്ചയിൽ എടുത്ത തീരുമാനം<br>• തീരുമാന പ്രകാരം സ്ഥാപനങ്ങൾ, നഗരസഭയ്ക്കായി ചെയ്ത പ്രവർത്തനങ്ങൾ | യോഗങ്ങളുടെ മിനിട്ട്സ്, റിപ്പോർട്ട്, നഗരസഭയുമായി ചേർന്ന് പ്രവർത്തിച്ച സ്ഥാപനങ്ങൾ, സ്ഥാപനങ്ങൾ നൽകിയ സേവനം |
| | | • ഓരോ വാർഡിലും പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൺ മാരുടെ എണ്ണം<br>• റിസോഴ്സ് പേഴ്സൺമാർ പങ്കെടുത്ത യോഗങ്ങൾ, സംഘടിപ്പിച്ച ക്ലാസുകൾ, പ്രവർ ത്തനങ്ങൾ<br>• ഓരോ വാർഡിലും 500 വീടുകൾക്ക് 2 പേർ എന്ന കണക്കിൽ ഹരിത കർമ്മസേന<br>• ഹരിത സഹായ സ്ഥാപനത്തിന്റെ സേവനം | റിസോഴ്സ് പേഴ്സൺ ലിസ്റ്റ് റിസോഴ്സ് പേഴ്സൺമാർ പങ്കെടുത്ത യോഗങ്ങളുടെ എണ്ണം, റിപ്പോർട്ടുകൾ<br>ഹരിത കർമ്മസേന പ്രവർത്തന റിപ്പോർട്ടുകളും, സൂക്ഷിക്കുന്ന റിക്കോർഡുകളും ഹരിത സഹായ സ്ഥാപനത്തിന്റെ പ്രവർത്തന റിപ്പോർട്ട് |
| 7. | വിവര-വിജ്ഞാന-വ്യാപന പ്രവർത്തനം | • നടപ്പിലാക്കിയ വിവര-വിജ്ഞാന-വ്യാപന പ്രവർത്തനങ്ങൾ<br>• ശുചിത്വ-മാലിന്യ സംസ്കരണ സന്ദേശം, നിയമ നടപടികൾ എന്നിവയുമായി ബന്ധപ്പെട്ട് സ്ഥാപിച്ച ബോർഡുകൾ | പങ്കെടുത്ത/പ്രയോജനപ്പെട്ട വ്യക്തികളുടെ എണ്ണം<br><br>സ്ഥാപിച്ച ബോർഡുകളുടെ എണ്ണം |
| 6. | മേൽനോട്ടവും വിലയിരുത്തലും | 1. വാർഡ് ശുചിത്വാ രോഗ്യ സമിതി - കൃത്യ മായ യോഗം ചേരലും, വാർഡിലെ ശുചിത്വ-മാലിന്യ സംസ്കരണ വിഷയങ്ങൾ ചർച്ച ചെയ്യലും<br>2. സാമൂഹ്യ പങ്കാളിത്തത്തോടെ നിരീക്ഷണ | യോഗത്തിന്റെ മിനിട്ട്സ്, സാമൂഹ്യ നിരീക്ഷണ സംവിധാനങ്ങളുടെ നിരീക്ഷണ റിപ്പോർട്ടുകൾ |

| | | | |
|---|---|---|---|
| | | ത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ<br>3. സിസിടിവി | |
| 7 | നിയമ നടപടികൾ | നിയമലംഘകർക്കെതിരെ കൈക്കൊണ്ട നടപടികൾ | നിയമലംഘനം ചൂണ്ടിക്കാട്ടി നൽകിയ നോട്ടീസുകളുടെ എണ്ണം, ഈടാക്കിയ പിഴ, ശിക്ഷാനടപടികൾ |